**<u>നോമ്പിലെ ആറാം ഞായർ</u>**

**<u>പിറവികുരുടനു് സൗഖ്യം നല്കിയ സംഭവം</u>** **Fr C M Kuriakose**

പരിശുദ്ധ വലിയ നോമ്പിലെ ഞായറാഴ്ചളിൽ സഭ നമ്മുടെ ധ്യാനത്തിനായി നല്കുന്നവിഷയങ്ങൾയേശുക്രിസ്തുപ്രവർത്തിച്ചഏതാനും അത്ഭുതപ്രവർത്തി കളാണു് .5 ഞായ റാഴ്ചളിലെ ഏവൻഗേലിയോനുകൾ യേശുക്രിസ്തു നല്കുന്ന രോഗസൗഖ്യങ്ങളെ കുറിക്കുന്ന താണു്.മനുഷ്യരുടെ സമഗ്രമായ പൂർണ്ണസൗഖ്യം യേശുക്രിസ്തു ആഗ്രഹിക്കുന്നു.ശാരീരികാ വസ്ഥയിലുള്ള ഒരോ ബലഹീനതയ്ക്കു യേശുക്രിസ്തു ശക്തി നല്കുന്നതായി കാണാം.ഇന്നേ ദിവസം അന്ധതബാധിച്ച മനുഷ്യനു് കാഴ്ച നല്കുന്നതും അതേ തുടർന്നുണ്ടായ സംഭവവി കാസങ്ങളും പ്രതിവാദിക്കുന്ന ഒരു വേദഭാഗമാണു്(യോഹന്നാൻ9:1-41)സഭ നമ്മുടെ ധ്യാനത്തിനായി നല്കിയിരിക്കുന്നതു്. വേദപുസ്തകത്തിൽ ഒരു അദ്ധ്യായം മുഴുവൻ ഇതേ സംഭവത്തെ മാത്രം പ്രതിപാദിക്കുന്നതായി കാണാം.കണ്ണു് മനുഷ്യരൂപത്തിലെ ജീവനെ പ്രസരിപ്പി ക്കുന്നതാണു്.ഒരു മനുഷ്യ ചിത്രം വരച്ചാൽ ആ ചിത്രത്തിനു് കണ്ണു കൂടെ വരക്കു മ്പോഴാണു ജീവൻ തുടിക്കുന്ന ഒരു മനുഷ്യചിത്രമാകുന്നത്.കഴിഞ്ഞ നാല് ഞായറാ ഴ്ചകള്ളിലെ ഏവൻഗേലിയോനുകളിൽ വിവിധതരത്തിലുള്ള ശാരീരിക അസ്വസ്ഥതക ൾക്ക് സൗഖ്യം നല്കുന്ന സംഭവങ്ങളാണു് നാം ധ്യാനിച്ചതു. ശരീരത്തിലുള്ള സമ്പൂർണ്ണ സൗഖ്യം കുരുടനു നല്കുന്ന സൗഖ്യത്തോടു കൂടി പൂർണ്ണമാകുന്നു.

യോഹന്നാൻ 9:1-41 വരെയുള്ള വേദഭാഗമാണല്ലോ ഇന്നത്തെ എവൻഗേലിയോൻ.പിറവികുരുടനു സൗഖ്യം  നല്കുന്ന ഒരു വേദഭാഗമാണിതു. വി.മത്തായി 9:27-31ലും വി.മർക്കോസ് 10:46-52 ലും കുരുടന് സൗഖ്യം കൊടുക്കുന്ന വിവരണം ഉണ്ട്. എന്നാൽ പിറവികുരുടന് സൗഖ്യം കൊടുക്കുന്ന വിവരണം യോഹന്നാൻ 9:1-41 വരെയുള്ള ഭാഗത്തു മാത്രമേ കാണുന്നുള്ളു. ഈ അദ്ധ്യായത്തിൽ 6 രംഗങ്ങൾ കാണുവാൻ സാധിക്കും.(1) പിറവി കുരുടനെ കാണുമ്പോൾ ശിഷ്യന്മാർ ചോദിക്കുന്ന ചോദ്യവും യേശുക്രിസ്തു നല്കുന്ന മറുപടിയും, (2) കുരുടന് സൗഖ്യം നല്കുന്നതു, (3) പരിചയക്കാരു ടെയും പരീശന്മാരുടെയും പ്രതികരണം, (4) കുരുടൻറെ മാതാപിതാക്ക ന്മാരുടെ സമീപനം,(5)യഹുദനേതാക്കളുടെ സംവാദം, (6) കുരുടനിൽ വിശ്വാസ വളർച്ചയും പരീശന്മാരുടെ  അന്ധതയും.

പിറവികുരുടനു് സൗഖ്യം കൊടുക്കുന്നതു "ഞാൻ ലോകത്തിൻറെ വെളിച്ചമാകുന്നു" (യോഹന്നാൻ 8:12) എന്ന യേശുക്രിസ്തുവിൻറെ  പ്രസ്താവന പ്രതികാത്മകമായി ഉറപ്പിക്കുന്ന താണു്.അന്ധകാരം നീക്കി പ്രകാശത്തിലേക്കു നയിക്കുവാൻ യേശുക്രിസ്തുവിനു മാത്രമേ സാധിക്കുകയുള്ളു.ആത്മിയന്ധത ബാധിച്ചവർക്കു ജീവൻറെ പ്രകാശം നല്കുന്നതിനാണു് ദൈവ പുത്രൻ മനുഷ്യപുത്രൻ ആയതു."അവർക്കു ജീവനുണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകു വാനും അത്രേ ഞാൻ വന്നിരിക്കുന്നതു" (യോഹന്നാൻ 10:10). "അന്നു കുരുടന്മാരുടെ കണ്ണു തുറന്നു വരും" (യെശയ്യാവ് 35:5) എന്ന പ്രവചനവാക്യം നിവൃത്തിയാകുന്നതായി ഈ സംഭവത്തിൽ കൂടി വ്യക്തമാകുന്നു.അന്ധത അവിശ്വാസത്തിൻറെ പ്രതീകമാണു്. യേശുക്രിസ്തു  മുഖാ ന്തിരം അവിശ്വാസം മാറി വിശ്വാസം വരുമ്പോൾ അന്ധത മാറി പ്രകാശം ഉണ്ടാകും.കാഴ്ച ലഭിക്കുക എന്നത് രക്ഷയുടെ അനുഭവമാണു്.

പിറവി കുരുടനു കാഴ്ച നല്കുന്ന ഈ സുവിശേഷഭാഗത്തു 6 രംഗങ്ങൾ  ഉണ്ടന്നു സുചി പ്പിച്ചിരുന്നല്ലോ.അവ ഓരോന്നായി ചിന്തിക്കാം.പിറവി കുരുടനെ കണ്ടപ്പോൾ ശിഷ്യ ന്മാരുടെ ചോദ്യവും യേശുക്രിസ്തവിൻറെ മറുപടിയും ശ്രദ്ധേയമാണു്. ജീവിതത്തിൽ സംഭവിക്കുന്നതി നെക്കുറിച്ചു കാരണം അന്വേഷിക്കന്നതു മനുഷ്യസഹജമാണു്.പല സംഭവങ്ങൾക്കും തൃപ്തി കരമായ ഒരു മറുപടി ലോകപ്രകാരം ലഭ്യമല്ല.പാപവും രോഗവും തമ്മിൽ ബന്ധമുണ്ടന്നും പല

രോഗങ്ങളുടെയും കാരണം നാം ചെയ്യുന്ന പാപത്താലണന്നുമുള്ള ചിന്ത നിലനില്ക്കുന്ന സാമൂഹ പഞ്ചാത്തലത്തിലാണു ശിഷ്യന്മാരുടെ ചോദ്യം."ഇവനോ ഇവൻറെ അമ്മയപ്പന്മരോ" ചെയ്ത പാപ ത്തിൻറെ ഫലമാണോ ഇവൻ കുരുടനാകുവാൻ കാരണമെന്നു് ശിഷ്യന്മാർ ചോദിക്കുന്നു. പുറപ്പാട് പുസ്തകം മുപ്പത്തിനാലാമദ്ധ്യായം ഏഴാം വാക്യം അനുസരിച്ച് മാതാപിതാക്കന്മാരുടെ അകൃത്യ ത്തിൻറെ ഫലം മക്കൾ അനുഭവിക്കേണ്ടി വരുമെന്നാണു.ഈ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ ശിഷ്യന്മാരുടെ ചോദ്യത്തിനു പ്രസക്തിയുള്ളതായി തോന്നാം.ഓരോരുത്തരുടയും ജീവിതത്തിൽ സംഭവിക്കുന്ന ദൗർഭാഗ്യം പാപം മൂലമാണന്നുള്ള ചിന്ത യേശു ക്രിസ്തവിൻറെ മറുപടി മൂലം തിരുത്തപ്പെടുന്നു.ദൈവപ്രവർത്തി വെളിപ്പെടുന്നതിൻറെ മഹത്വം മനസ്സലാക്കി പ്രതികരിക്കുന്ന ഭാവമുണ്ടാകണം.ജീവിതത്തിൽ സംഭവിക്കുന്ന സകലത്തെക്കുറിച്ചുള്ള കാരണം അന്വേഷിക്കേ ണ്ടതില്ല.എനിക്കു നന്മ വരുവാനുള്ളതു മാത്രമാണു് ദൈവം എന്നിൽ പ്രവർത്തിക്കുകയുള്ളു എന്ന വിശ്വാസമുണ്ടാകണം.കഷ്ടതകളിൽ ദൈവത്തിൻറെ കരുതലും സ്നേഹവും ശക്തിയും അനുഭവിക്കുവാൻ നമ്മുക്കു സാധിക്കും.ജീവിത കാലഘട്ടം പരിമിതപ്പെട്ടതാണു്.അയതുകൊണ്ടു നന്മ ചെയ്തു ജീവിക്കുക എന്നതു ജീവിത ശൈലിയാകട്ടെ.നന്മ ചെയ്യാതെയുള്ള ജീവിതം പാപം നിറഞ്ഞ ജീവിതമാണു്. "നന്മ ചെയ്യുവാനറിഞ്ഞിട്ടും ചെയ്യാത്തവനു അതു പാപം തന്നെ" (യാക്കോബ് 4:17)

രണ്ടാമതായി കുരുടനു യേശുക്രിസ്തു സൗഖ്യം നല്കുന്ന രീതികളെക്കുറിച്ചു ചിന്തി യ്ക്കാം.മണ്ണു് കുഴച്ചു കണ്ണിൽ പുരട്ടുകയും ശീലോഹം കുളത്തിൽ പോയി കഴുകുവാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. യേശുക്രിസ്തുവിനെ സമീപിച്ചിട്ടുള്ള വിവിധ രോഗികൾക്കും വിവിധതര രോഗസൗഖ്യ രീതി യേശുക്രിസ്തു അവലംബിച്ചിട്ടുണ്ടു്.ശതാധിപൻറെ ഭൃത്യനു് അധികാരത്തിൻറെ ശബ്ദം ഉപയോഗിച്ചു സൗഖ്യം നല്കുന്നു.(മത്തായി 8:5-13).യായീറോസിൻറെ മകൾക്കു് കൈ വയ്പിൽ കൂടി സൗഖ്യം നല്കിയതായി മർക്കോസ് 5:21-23,41 എന്നീ ഭാഗങ്ങളിൽ കാണുന്നു. രോഗത്തെ ശാസിച്ചു കൊണ്ടു് രോഗസൗഖ്യം നല്കുന്ന സംഭവം പത്രോസിൻറെ അമ്മാവിയമ്മയെ സൗഖ്യപ്പെടുത്തുന്നതിൽ കാണുന്നു.(ലൂക്കോസ് 4:38-39).തൊട്ടു സൗഖ്യം നല്കുന്ന രീതി കുഷ്ട രോഗിയുടെ മേൽ പ്രയോഗിച്ചതായി

കാണുന്നുണ്ടു്.രോഗികൾ യേശുക്രിസ്തുവിനെ തൊട്ടു സൗഖ്യം പ്രാപിക്കുന്നു. രക്തസ്രാവമുള്ള സ്ത്രിയുടെ സൗഖ്യം ഇപ്രകാരമാണു.(മർക്കോസ് 5:25-29). ഇങ്ങിനെ വിവിധ രീതിയിലാണു യേശുക്രിസ്തു രോഗസൗഖ്യം നല്കുന്നതു.പിറവികുരുടനു വ്യത്യസ്ത്യമായ രീതി ഉപയോഗിക്കുന്നു.യേശുക്രിസ്തുവിൻറെ പ്രവർത്തിയും ആഹ്വാനവും ഒരു പോലെ ഇവിടെ പ്രാവർത്തികമാകുന്നു.യേശുക്രിസ്തുവിൻറെ പ്രവർത്തിയെ വിശ്വാസപൂർവ്വം സ്വീകരിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യണം. യേശുക്രിസ്തുവിൻറെ പ്രവർ ത്തിയെ ചോദ്യം ചെയ്യാതെ വിധേയപ്പെടുത്തി അനുസരിക്കുന്ന ഒരു വ്യക്തിത്വത്തെ ഈ പിറവി കുരുടനിൽ കാണുവാൻ സാധിക്കുന്നു.

അയൽക്കാരും പണ്ടു ഈ കുരുടനെ പരിചയമുള്ളവരും കാഴ്ച പ്രാപിച്ചവനെ കാണു മ്പോൾ സംശയം ഉന്നയിക്കുന്നു. എന്നാൽ കാഴ്ച പ്രാപിച്ചവൻ ശക്തമായും വ്യക്തമായും താൻ കുരുടനായിരുന്നുവെന്നും യേശുവിൻറെ പ്രവർത്തനത്തിനും ആഹ്വാനത്തിനും വിധേയപ്പെട്ടതു കൊണ്ടു് തനിയ്ക്കു സൗഖ്യം ലഭിച്ചുവെന്നും ഉറക്കെ പ്രഖ്യാപിക്കുന്ന ഒരു വ്യക്തിത്വം ആ മനുഷ്യ നിൽ ഉണ്ടാകുന്നു.അനുഭവത്തിൻറെ സാക്ഷ്യം ഭവിഷത്തുകളെ ഭയപ്പടാതെ പ്രഖ്യാപിക്കുവനുള്ള സന്നദ്ധത ഇവനിൽ കാണുന്ന്.പരീശന്മാരുടെ ചോദ്യത്തിനു് മുമ്പിലും പതറാതെ മറുപടി നല്കുന്നു്. യേശക്രിസ്തു ശാബതു ലംഘിച്ചു എന്നു ആരോപിക്കുവാനാണു ഈ സംഭവത്തെ പ്രതി പരീശന്മാർ ശ്രമിച്ചതു. പരീശന്മാരുടെ ചോദ്യം ചെയ്യലിൽ ഈ മനുഷ്യൻ പതറിയില്ല എന്നു മാത്രമല്ല യേശുവിനെ ക്കുറിച്ചുള്ള ധാരണയ്ക്കു ഉയർച്ച ഉണ്ടാകുന്നു.ആദ്യം "യേശു എന്ന ഒരു മനുഷ്യൻ" എന്ന പ്രയോഗമായിരുന്നുവെങ്കിൽ പരീശന്മാരുടെ മുമ്പാകെ വന്നപ്പോൾ യേശു ഒരു പ്രവാചകനാണന്നു അവൻ ഏറ്റ് പറയുന്നു്. യേശുവിൻറെ പ്രവർത്തനങ്ങളിൽ കുറ്റം ആരോപി ക്കുവാൻ ശ്രമിച്ച പരീശന്മാരിൽ പോലും കുരുടൻറെ നിലപാട് മൂലം ഭിന്നത ഉണ്ടായി. ദൈവീക പ്രവർത്തനത്തെ വിമർശനത്തിൽ കൂടി നശിപ്പിക്കാം എന്ന ചിന്തയ്ക്ക് നിലനില്പില്ല എന്നു ഈ സംഭവം തെളിയിക്കുന്നു.

കുരുടൻ സൗഖ്യം പ്രാപിച്ചതും അവൻ യേശുവിനെ കുറിച്ചു സാഷ്യം പറഞ്ഞതും പരീശ ന്മാർക്കു അംഗീകരിക്കുവാൻ പ്രയാസമായിരുന്നു്.കുരുടനായിരുന്നവൻറെ

മാതാപിതാക്കന്മാരെ വിസ്തരിക്കുവാൻ പരീശന്മാർ തീരുമാനിക്കുന്നു്.തങ്ങളുടെ മകൻ കുരുടനായിരുന്നു എന്നും ഇപ്പോൾ കാഴ്ച ലഭിച്ചതാണന്നും മാതാപിതാക്കൾ സമ്മതിക്കുന്നുണ്ടങ്കിലും എങ്ങിനെയാണു കാഴ്ച ലഭിച്ചതു എന്നു പറയുവാൻ അവർ ധൈര്യപ്പെട്ടില്ല. പരീശന്മോരെ ഭയന്നതു കൊണ്ടാണു ഇപ്രകാരമുള്ള നിലപാടു സ്വീകരിച്ചതു.പരീശന്മാർക്കു വിരുദ്ധമായി നിലപാടു സ്വീകരി ക്കുന്നവരെ സമൂഹത്തിൽ നിന്നും പുറത്താക്കുമെന്ന പരീശന്മാരുടെ തീരുമാനത്തിനു ഈ മാതാ പിതാക്കൾ സമ്മതം നല്കുന്നതിനു തുല്ല്യമായിരുന്നു് ഇതു.ഭവിഷ്യത്തുകളെ ഭയന്നു സത്യത്തെ തള്ളി പറയുന്ന പ്രവണത ശ്ലാഹനീയമല്ല.സത്യം പ്രഘോഷിക്കു മ്പോഴുണ്ടാകുന്ന  നഷ്ടം സഹി ക്കുവാൻ സാധിക്കണം.നഷ്ടം ലോകപ്രകാരം മാത്രമാണു സംഭവിക്കുകയുള്ളു.സത്യം പ്രഘോഷി ക്കുമ്പോൾ സ്വർഗ്ഗരാജ്യത്തിൽ നമ്മുക്കു നിഷേപം ഉണ്ടാകും. സത്യം ഉപേക്ഷിക്കുമ്പോൾ താല്ക്കാലിക ലാഭം ഉണ്ടാകാം.സത്യം പ്രഘോഷിക്കുമ്പോൾ  നിത്യമായ സൗഭാഗ്യവും നിത്യമായ ലാഭവും ഉണ്ടാകുന്നു.

മാതാപിതാക്കളെ വിസ്തരിച്ചതിൽ നിന്നും പരീശന്മാർക്കു അനുകൂലമായി ഒന്നും ലഭിയ്ക്കാതെ വന്നപ്പോൾ കുരുടനെ വിണ്ടും വിസ്തരിക്കുന്നു.എന്നാൽ കുരുടൻ നിലപാടിനു് ഒരു മാറ്റവും വരുത്തുന്നില്ല.താൻ അനുഭവിച്ച അനുഗ്രഹത്തിനു് കാരണമായ യേശു ദൈവത്തിൽ നിന്നുമുള്ളവനാണുന്നു ധൈര്യസമ്മേതം പ്രസ്താവിക്കുന്നു.ഭവിഷത്തുകളെ ഭയക്കാതെയുള്ള സാക്ഷ്യം അനുഗ്രഹം നല്കിയവനോടുള്ള വിധേയത്തെ കാണിക്കുന്നു.അവസരവാദികളായും താല്ക്കാലിക നിലനില്പിനു വേണ്ടിയും അഭിപ്രയങ്ങൾ മാറ്റിയും മറിച്ചും പറയുന്നവർക്കു കുരുടൻ നല്കുന്ന സന്ദേശം എത്ര വലുതാണന്നു നാം ചിന്തിക്കുക.

പരീശന്മാരോടു് യോജിയ്ക്കാത്തതു കൊണ്ടു കാഴ്ചലഭിച്ച കുരുടനെ പുറത്താക്കുന്നു്.ഈ വിവരം അറിഞ്ഞ യേശുക്രസ്തു അവനെ അന്വേഷിച്ചു കണ്ടെത്തുന്നു.യേശുക്രസ്തു സ്വീകരിച്ച ഈ നിലപാടു് കാഴ്ച ലഭിച്ചവനു വിശ്വാസം വർദ്ധിപ്പിക്കുവാനും യേശുക്രിസതവിനോടുള്ള ആരാധനയിലേയ്ക്കു അവനെ നയിക്കുവാനും ഇടയായി.യേശുക്രസ്തു ദൈവപുത്രനാണന്നു മനസ്സലാക്കിയ ആ മനുഷ്യൻ ക്രിസ്തവിനെ നമസ്ക്കരിക്കുന്നു.അന്ധനായിരുന്നവൻ താൻ അന്ധ നാണന്നു അംഗീകരിച്ചപ്പോൾ യേശുക്രസ്തു മുഖാന്തരം കാഴ്ച പ്രാപിച്ചു.കാഴ്ച ഉണ്ടന്നു അഭി

മാനിക്കുക്കുകയും തങ്ങൾക്കു ഒരു പ്രകാശവും ആവശ്യവുമില്ല എന്നു ചിന്തിക്കുകയും ചെയ്യുന്ന യഹുദന്മാരാണു യഥാർത്ഥ അന്ധന്മാരെന്നു യേശുക്രിസ്തു സ്ഥാപിക്കുന്നു.